ജി (1) 4123/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി :20.11.2019

## സർക്കുലർ 50/2019.

വിഷയം :- സഹകരണ വകുപ്പ്-പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ,ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ,ബൈലാ വ്യവസ്ഥപ്രകാരം വായ്പ നൽകുന്ന മറ്റ് സംഘങ്ങൾ എന്നിവയിൽ നിന്നും വിതരണം ചെയ്യുന്ന വിവധയിനം വായ്പകളുടെ പരിധി വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- (1) സഹകരണ സംഘം രജിസ്ട്രാറുടെ 22.04.2014 ലെ 16/2014 –)0 നമ്പർ സർക്കുലർ.

(2) സഹകരണ സംഘം രജിസ്ട്രാറുടെ 11.01.2017 ലെ 06/2017 –)0 നമ്പർ സർക്കുലർ.

(3) സഹകരണ സംഘം രജിസ്ട്രാറുടെ 13.01.2017 ലെ 07/2017 –)0 നമ്പർ സർക്കുലർ.

(4) സഹകരണ സംഘം രജിസ്ട്രാറുടെ 25.04.2018 ലെ 24/2018 –)0 നമ്പർ സർക്കുലർ

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അംഗങ്ങൾക്ക് നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും പുതുക്കി നിശ്ചയിച്ചുകൊണ്ട് സൂചന (2), (3), (4) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

ആയത് അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, ബൈലാ വ്യവസ്ഥാ പ്രകാരം വായ്പ നൽകുന്ന മറ്റ്

പ്രാഥമിക സംഘങ്ങൾ എന്നിവയിൽ നിന്നും ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി പുതുക്കി നിശ്ചയിച്ചുകൊണ്ട് ചുവടെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | വായ്പ പരിധി | പരമാവധി പരിധി (തുക ലക്ഷത്തിൽ) | | കാലവാധി | |
|---|---|---|---|---|---|
| | | നിലിവില്ലുള്ളത് | പുതുക്കിയത് | നിലവില്ലുള്ളത് | പുതുക്കിയത് |
| I | **കാർഷിക വായ്പ** | | | | |
| 1 | ഹ്രസ്വകാല കാർഷിക വായ്പകൾ | 3.00 | 5.00* | 1 വർഷം | മാറ്റമില്ല |
| 2 | മദ്ധ്യകാല കാർഷിക വായ്പകൾ | 3.00 | 5.00* | 3 വർഷം മുതൽ 5 വർഷം വരെ | മാറ്റമില്ല |
| II | **കാർഷിക അനുബന്ധ വായ്പ** | | 3** | 1 വർഷം മുതൽ 5 വർഷം വരെ | |
| 3 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് | .20 | .20 | 1½ വർഷം (ഒന്നര വർഷം) | മാറ്റമില്ല |
| 4 | കാർഷിക ആവശ്യങ്ങൾക്കുള്ള സ്വർണ്ണപ്പണയ വായ്പ | – | 3.00*** | 1 വർഷം | |
| 5 | കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള സ്വർണ്ണപ്പണയ വായ്പ | – | 3.00*** | 1 വർഷം | |
| III | **കാർഷികേതര വായ്പ** | | | | |
| 1 | സ്വയം തൊഴിൽ വായ്പ | 5.00 | 10.00 | 10 വർഷം | മാറ്റമില്ല |
| 2 | വ്യവസായ വായ്പ | 25.00 | 40.00 | 10 വർഷം | മാറ്റമില്ല |
| 3 | ഭൂസ്വത്ത് വാങ്ങുന്നതിന് | 35.00 | 50.00 | 10 വർഷം | മാറ്റമില്ല |
| 4 | സ്വർണ്ണപ്പണയം | 25.00 | 50.00 | 1 വർഷം | മാറ്റമില്ല |
| 5 | കുട്ടികളുടെ വിദ്യാഭ്യാസ വായ്പ | 1.00 | 5.00 | 5 വർഷം | മാറ്റമില്ല |
| 6 | പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ | 10.00 | 20.00 | 10 വർഷം | മാറ്റമില്ല |
| 7 | വിവാഹ വായ്പ | 10.00 | 10.00 | 5 വർഷം | മാറ്റമില്ല |
| 8 | വീട് മെയിന്റനൻസ്/വിപുലീ | 10.00 | 10.00 | 10 വർഷം | മാറ്റമില്ല |

| | | | | | |
|---|---|---|---|---|---|
| | കരണം | | | | |
| 9 | ചികിത്സ/മരണാന്തര ചെലവുകൾ | 1.50 | 1.50 | 3 വർഷം | മാറ്റമില്ല |
| 10 | ഭവന നിർമ്മാണം | 35.00 | 40.00 | 5/10 വർഷം( ബൈലായ്ക്കും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഇളവുകൾക്കും വിധേയം) | 15/20**** വർഷം |
| 11 | വീടും ഭൂസ്വത്തും വാങ്ങൽ (വ്യക്തികൾക്ക് ഫ്ലാറ്റ് വാങ്ങാൻ ഉൾപ്പടെ) | 50.00 | 50.00 | 5/10 വർഷം (ബൈലായ്ക്കും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഇളവുകൾക്കും വിധേയം) | 15/20**** വർഷം |
| 12 | വീട്ടുപകരണങ്ങൾ | 5.00 | 5.00 | 5 വർഷം | മാറ്റമില്ല |
| 13 | വിദേശത്ത് ജോലി തേടി പോകുന്നത് | 5.00 | 10.00 | 5 വർഷം | മാറ്റമില്ല |
| 14 | വാഹന വായ്പ(ലൈറ്റ് വെഹിക്കിൾ) | 20.00 | 20.00 | 10 വർഷം | മാറ്റമില്ല |
| 15 | വാഹന വായ്പ ( ഹെവി വെഹിക്കിൾ) | 40.00 | 40.00 | 10 വർഷം | മാറ്റമില്ല |
| 16 | ക്യാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ് | 10.00 | 10.00 | 1 വർഷം | മാറ്റമില്ല |
| 17 | ബിസിനസ്സ് വായ്പ | 20.00 | 20.00 | 10 വർഷം | മാറ്റമില്ല |
| 18 | കുടുംബശ്രീ / എസ്.എച്ച്.ജി വായ്പ (അക്കൗണ്ട് ഉള്ള സംഘങ്ങൾക്ക് മാത്രം) | 10.00 | 10.00 | 5 വർഷം | മാറ്റമില്ല |
| 19 | മുറ്റത്തെമുല്ല ലഘു വായ്പ പദ്ധതി | 10.00 | 20.00 | 1 വർഷം | മാറ്റമില്ല |
| 20 | ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി | 10.00 | 10.00 | 10 വർഷം | മാറ്റമില്ല |

| | | | | | |
|---|---|---|---|---|---|
| | വാങ്ങുന്നതിന് | | | | |
| 21 | സാധാരണ വായ്പ (മോർട്ടിഗേജ്) | 20.00 | 50.00 | 10 വർഷം | മാറ്റമില്ല |
| 22 | പഞ്ചാത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 3 സെൻ്റ് വരെ ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിന് | 3.00 | 3.00 | 5 വർഷം | മാറ്റമില്ല |
| 23 | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് | 10.00 | 20.00 | 5 വർഷം | മാറ്റമില്ല |
| 24 | ഇതര സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് | 10.00 | 20.00 | 10 വർഷം | മാറ്റമില്ല |
| **IV**<br>**ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി (തുക ലക്ഷത്തിൽ)** | | | | | |
| 1 | 1 കോടി കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | | | 5.00 | 5.00 |
| 2 | 1 കോടി രൂപയ്ക്ക് മുകളിൽ 5 കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | | | 7.00 | 10.00 |
| 3 | 5 കോടി രൂപയ്ക്ക് മുകളിൽ 10 കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | | | 10.00 | 15.00 |
| 4 | 10 കോടി രൂപയ്ക്ക് മുകളിൽ 25 കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | | | 30.00 | 30.00 |
| 5 | 25 കോടി രൂപയ്ക്ക് മുകളിൽ 50 കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | | | 45.00 | 45.00 |
| 6 | 50 കോടി രൂപയ്ക്ക് മുകളിൽ 100 കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങൾക്ക് | | | 50.00 | 50.00 |

| | | | | | |
|---|---|---|---|---|---|
| 7 | 100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സംഘങ്ങൾക്ക് | | | – | 75.00 |

1. കേന്ദ്ര/ സംസ്ഥാനാവിഷ്കൃത പദ്ധതി വായ്പകൾക്ക് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ബാധകമായിരിക്കുന്നതാണ്.
2. *സഹകരണ ബാങ്കുകൾ/ സംഘങ്ങൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല/മദ്ധ്യകാല കാർഷിക വായ്പകളുടേയും, നബാർഡിന്റെ റീഫൈനാൻസ് ലഭ്യമാക്കുന്ന ഒരു വർഷകാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകളുടെയും പരിധി നിലവിലുള്ള 3 ലക്ഷത്തിൽ നിന്നും പരമാവധി 10 ലക്ഷം രൂപയായി സ്കെയിൽ ഓഫ് ഫൈനാൻസിന് വിധേയമായി നിജപ്പെടുത്തിയിട്ടുള്ളത് തുടരുന്നതാണ്. എന്നാൽ 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് മാത്രമേ നിലവിലുള്ള പലിശ ഇളവ് ആനുകൂല്യം ലഭ്യമാകുകയുള്ളൂ.
3. ** കാർഷിക അനുബന്ധ പ്രവർത്തനങ്ങളായ കോഴി/താറാവ്/മത്സ്യം /ആട് /മാട് വളർത്തലിനും മറ്റ് കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും.
4. ***കാർഷിക /കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള നബാർഡിന്റെ പുനർവായ്പയിൽ ഉൾപ്പെടാത്ത സ്വർണ്ണപ്പണയ വായ്പ, സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നും നൽകേണ്ടതാണ്. ആയതിന് സബ്സിഡിയോ പലിശ ഇളവോ ലഭ്യമാകുന്നതല്ല. കാർഷിക അനുബന്ധ വായ്പകൾക്ക് (പിരിവ് II) സഹകരണ സംഘം രജിസ്ട്രാർ അതത് സമയങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്കായിരിക്കും ടി വായപകൾക്കും ബാധകം. നിലവിൽ ടി വായ്പകൾക്ക് 9.75% മാണ് പരമാവധി വായ്പ നിരക്ക്. ജാമ്യമായി സ്വീകരിക്കുന്ന സ്വർണ്ണത്തിന്റെ മാർക്കറ്റ് വിലയുടെ 70% മാത്രമേ ടി വായ്പയ്ക്ക് വായ്പ തുകയായി അനുവദിക്കാൻ പാടുള്ളൂ.
5. ഉപനിബന്ധന അംഗീകാരം വാങ്ങി മാത്രമേ പുതിയ വായ്പ പദ്ധതികൾ സംഘം നടപ്പിലാക്കാൻ പാടുള്ളൂ.
6. മേൽ പ്രകാരമുള്ള എല്ലാ വായ്പകൾക്കും സഹകരണ സംഘം രജിസ്ട്രാർ അതത് സമയങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് ബാധകമായിരിക്കും.
7. ****ഭവന നിർമ്മാണത്തിനുള്ള വായ്പയ്ക്കും വീടും ഭൂസ്വത്ത് വാങ്ങൽ (ഇനം 10,11) എന്നിവയ്ക്കും സംഘങ്ങൾ/ ബാങ്കുകൾ നൽകുന്ന വായ്പ,

സംഘം നിയമാവലിയ്ക്കും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വായ്പക്കാലാവധി ഇളവുകൾക്കും വിധേയമായിരിക്കും.

8. മേൽ സൂചിപ്പിച്ചിട്ടുള്ള വായ്പാ പരിധിയിൽ അധികരിച്ച് വായ്പകൾ വിതരണം ചെയ്യേണ്ട സംഘങ്ങൾ /ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക അനുമതി വാങ്ങി മാത്രമേ പ്രസ്തുത പരിധിയിൽ കവിഞ്ഞ വായ്പകൾ വിതരണം ചെയ്യാൻ പാടുള്ളൂ.
9. മേൽ സൂചിപ്പിച്ചിട്ടുള്ള വായ്പാ പദ്ധതികൾ അല്ലാതെ അനുയോജ്യമായ മറ്റേതെങ്കിലും വായ്പാ പദ്ധതികൾ സംഘങ്ങൾ/ബാങ്കുകൾ ആവിഷ്കരിക്കുകയാണെങ്കിൽ അതിനുള്ള മുൻകൂർ അനുമതിയും വാങ്ങിയിരിക്കേണ്ടതാണ്. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, വായ്പ നൽകുന്ന മറ്റ് പ്രാഥമിക സംഘങ്ങൾ മേൽ സൂചിപ്പിച്ചിട്ടുള്ള വായ്പാ പദ്ധതികളും, വായ്പാ പരിധിയും അനുസരിച്ച് അതാതു സംഘങ്ങൾ/ബാങ്കുകളുടെ ബൈലായിൽ വായ്പാ പരിധി, ഐ.എം.ബി.പി (IMBP) വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ, റിസർവ്വ് ബാങ്ക്/ നബാർഡ് നിഷ്കർഷിക്കുന്ന വായ്പാ പരിധി നിബന്ധനകൾ പാലിക്കേണ്ടതാണ്.വായ്പ വിതരണം ചെയ്യുന്നതിന് വായ്പാക്കാരന്റെ തിരിച്ചടവ് ശേഷി ഉറപ്പുവരുത്തേണ്ടതും, ഓഹരി അനുപാതം, ഈട് വ്യവസ്ഥ തുടങ്ങി വായ്പാ വിതരണത്തിനായുള്ള നടപടി ക്രമങ്ങൾ സംബന്ധിച്ചുള്ള സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഒപ്പ്
ഡോ.പി.കെ ജയശ്രീ ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:
1. ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
3. ജനറൽ മാനേജർ, എല്ലാ ജില്ല സഹകരണ ബാങ്കുകൾക്കും
4. എല്ലാ ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ല ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

6. എല്ലാ പ്രാഥമിക സഹകണ സംഘങ്ങൾ/ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ മുഖേന
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
9. എഡിറ്റർ സഹകരണ വീഥി/ സഹകരണ ജേർണൽ
10. ഈ ആഫീസിലെ എല്ലാ ഓഫീസർമാർക്കും
11. വെബ് സൈറ്റ്
12. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)